**ആരോഗ്യവകുപ്പ് ഡയറക്ടറുടെകാര്യാലയം**

വഞ്ചിയൂർ പി.ഒ, തിരുവനന്തപുരം പിൻ– **695035**

ഫോൺ: **0471 2302490** ഫാക്സ്: **0471 2303025 / 2303080**

ഇമെയിൽ: **dhskerala.hlth@kerala.gov.in** വെബ്സൈറ്റ്: **www.dhs.kerala.gov.in**

---

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**തിരുവനന്തപുരം**

വിഷയം:- ആരോഗ്യവകുപ്പ് – ജീവനക്കാര്യം - ഡോ സംഗീത പി കെ (**Dr Sangeetha P K**), ജൂനിയർ കൺസൾട്ടന്റ് (ബ്ലഡ് ബാങ്ക്)- അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് - പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-

1. എ5- **4613/2020**/ജിമെആ കാസർഗോഡ് തീയതി **24.04.2020, 26.03.2020**
2. ഇസി 6- **26134/2020**/ആവഡ തീയതി **16.07.2020, 16.07.2020**
3. **GE05/B/SP-551/2020-21/561** തീയതി **30.10.2020**
4. കാരണം കാണിക്കൽ നോട്ടീസ് നം **EA4- 26134/2020**/ആവഡ തീയതി **19.02.2021**
5. എ5- **4613/2021**/ജിമെആ കാസർഗോഡ് തീയതി **05.03.2021**
6. ഡോ സംഗീത പി കെ സമർപ്പിച്ച അപേക്ഷ തീയതി **25.02.2021, 21.04.2021, 05.06.2021**
7. ഡോ സംഗീത പി കെ സമർപ്പിച്ച ഇമെയിൽ **20.04.2021**
8. എ1/**34/2022**-ഹെൽത്ത് തീയതി **31.03.2022**
9. ഇഎ4- **23137/2022**/ആവഡ തീയതി **13.06.2022**
10. സഉ(അച്ചടി) നം **55/2020**/ആകുവ തീയതി **16.09.2020**
11. കത്ത് നം എ1/**34/2022**/ആകുവ തീയതി **10.10.2022**
12. ഇഎ4- **23137/2022**/ആവഡ തീയതി **14.11.2022**
13. എ2/**411/2024**-ഹെൽത്ത് തീയതി **23.12.2024**

**ഉത്തരവ് നം. DHS/6984/2026-EA4 തീയതി. 09-08-2026**

ഡോ സംഗീത പി കെ (**Dr Sangeetha P K**) **26.09.2013** ന് സേവനത്തിൽ പ്രവേശിച്ചു. കാസർഗോഡ് കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ ജൂനിയർ

കൺസൾട്ടന്റ് (ബ്ലഡ് ബാങ്ക്) തസ്തികയിൽ സേവനത്തിലിരിക്കവെ 17.03.2020 തീയതി മുതൽ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുകയാണെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നു. കോവിഡ് 19 പ്രതിരോധ പ്രവർത്തന കാലത്ത് അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് സ്ഥാപനത്തിന്റെ ദൈനംദിന പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നതിനാൽ 24 മണിക്കൂറിനകം തിരികെ പ്രവേശിക്കുകയോ തൃപ്തികരമായ വിശദീകരണം സമർപ്പിക്കുന്നതിനോ 16.07.2020 പരാമർശം (2) പ്രകാരം ഡോ സംഗീത പി കെയ്ക്ക് നോട്ടീസ് നൽകിയിരുന്നു. കൂടാതെ മൂന്ന് ദിവസത്തിനകം ജോലിയിൽ പ്രവേശിക്കുന്നതിന് കർശന നിർദ്ദേശം നൽകുന്നതിന് പരാമർശം (2) പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരവും നിർദ്ദേശിച്ചിരുന്നു. യഥാസമയം ഡോ സംഗീത പി കെ മറുപടി സമർപ്പിച്ചിരുന്നില്ല. പ്രൊബേഷൻ കാലാവധിയ്ക്കുള്ളിൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിനാൽ ടിയാളുടെ വർക്ക് ആന്റ് കോണ്ടക്റ്റ് തൃപ്തികരമായി കണക്കാക്കുന്നതിന് കഴിയാത്തതിനാൽ 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾ പാർട്ട് II റൂൾ 19(a) (ii) പ്രകാരം പ്രൊബേഷൻ അവസാനിപ്പിച്ച് സേവനത്തിൽ നിന്നും നീക്കം ചെയ്യുന്നതിനായി താത്കാലിക തീരുമാനമെടുത്ത് പരാമർശം (4) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു.

(2) തിരികെ സേവനത്തിൽ പ്രവേശിപ്പിക്കുന്നതിന് ഡോ സംഗീത പികെ സമർപ്പിച്ച 25.02.2021 ലെ പരാമർശം (6) ലെ അപേക്ഷ ജില്ലാ മെഡിക്കൽ ഓഫീസർ ലഭ്യമാക്കിയിരുന്നു. 21.04.2021 ലെ പരാമർശം (6) പ്രകാരം കാരണം കാണിക്കൽ നോട്ടീസിന് ടിയാൾ മറുപടി സമർപ്പിച്ചിരുന്നു. ഡോ സംഗീത പി കെ സേവനത്തിൽ തിരികെ പ്രവേശിക്കുന്നതിന് സമർപ്പിച്ച അപേക്ഷകൾ വിശദമായി പരിശോധിച്ചു.

(3) എ1/34/2022-ഹെൽത്ത് തീയതി 31.03.2022 ലെ സർക്കാർ നിർദ്ദേശാനുസരണം അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്ന ജീവനക്കാരുടെ വിവരം ഇഎ4- 23137/2022/ആവഡ തീയതി 13.06.2022 പ്രകാരം സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്തിരുന്നു. അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിന്ന ശേഷം തിരികെ സേവനത്തിൽ പ്രവേശിക്കുന്നതിന് അപേക്ഷ സമർപ്പിച്ച ജീവനക്കാർക്ക് സർവ്വീസിൽ പുന പ്രവേശിക്കുന്നതിനായി പരാമർശം (10) സർക്കാർ ഉത്തരവ് പ്രകാരം ബോണ്ട് സഹിതമുള്ള അപേക്ഷ സമർപ്പിക്കുന്നതിന് എ1/34/2022/ആകുവ തീയതി 10.10.2022 പ്രകാരം സർക്കാർ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ 25.11.2022 ന് മുമ്പായി ബോണ്ട് സമർപ്പിക്കുന്നതിന് ഇഎ4- 23137/2022/ആവഡ തീയതി 14.11.2022 പ്രകാരം എല്ലാ ജീവനക്കാർക്കും അറിയിപ്പ് നൽകിയിരുന്നു. ടി കത്തിലെ ക്രമ നം 57 ആയി ഡോ

സംഗീത പി കെ യ്ക്കും അറിയിപ്പ് നൽകിയിരുന്നു. എന്നാൽ ടി നിർദ്ദേശം പാലിക്കുന്നതിന് ഡോ സംഗീത പി കെ തയ്യാറായിട്ടില്ല.

(4) ജോലിയിൽ പ്രവേശിക്കുവാൻ സന്നദ്ധത അറിയിച്ചിരുന്ന മെഡിക്കൽ ഓഫീസർമാർക്ക് ബോണ്ട് സമർപ്പിക്കുവാൻ നിർദ്ദേശം നൽകിയിരുന്നെങ്കിലും ആയത് സമയബന്ധിതമായി സമർപ്പിക്കാത്തവരുടെ പട്ടിക ഇഎ4-23137/2022/ആവഡ തീയതി 28.01.2023 പ്രകാരം സർക്കാരിലേയ്ക്ക് സമർപ്പിച്ചിരുന്നു. അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്ന പ്രൊബേഷണർമാരായ മെഡിക്കൽ ഓഫീസർമാർക്കെതിരെയുള്ള നടപടികൾ സമയബന്ധിതമായി പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സർക്കാരിൽ നിന്നും നിർദ്ദേശം ലഭിച്ചിരുന്നു.

(5) ആരോഗ്യ വകുപ്പ് ഒരു അവശ്യസേവന വകുപ്പ് ആണ്. ഡോക്ടർമാർ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് ആശുപത്രിയുടെ സുഗമമായ പ്രവർത്തനങ്ങളെയും സർക്കാർ ആശുപത്രികളെ അശ്രയിക്കുന്ന പൊതു ജനങ്ങളെയും സാരമായി ബാധിക്കുന്നതാണ്. അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് അംഗീകരിക്കുവാൻ കഴിയുന്നതല്ല. തരികെ പ്രവേശിപ്പിക്കുന്നതിനുള്ള അപേക്ഷയിൽ നടപടി സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് നിയമനാധികാരിയുടെ നിർദ്ദേശം പാലിക്കുന്നതിന് ഡോ സംഗീത പി കെ തയ്യാറായിട്ടില്ല. ആയതിനാൽ 17.03.2020 തീയതി മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിലൂടെ പ്രൊബേഷണർ ആയ ഡോ സംഗീത പി കെ ജൂനിയർ കൺസൾട്ടന്റ് (ബ്ലഡ് ബാങ്ക്)ന്റെ വർക്ക് ആന്റ് കോണ്ടക്ട് തൃപ്തികരമല്ല എന്ന് വിലയിരുത്തുന്നു.

(6) ആയതിനാൽ 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് പാർട്ട് II ചട്ടം 19 (a) (ii) പ്രകാരം ഡോ സംഗീത പി കെ ജൂനിയർ കൺസൾട്ടന്റ് (ബ്ലഡ് ബാങ്ക്) ന്റെ പ്രൊബേഷൻ അവസാനിപ്പിച്ച് ടിയാളെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

Digitally signed by
Meenakshy V
Date: 09-08-2026
12:34:38

**Dr MEENAKSHY V**

**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്,

ഡോ സംഗീത പി കെ,

ജൂനിയർ കൺസൾട്ടന്റ് (ബ്ലഡ് ബാങ്ക്)

ജില്ലാ ആശുപത്രി കാഞ്ഞങ്ങാട്, കാസർഗോഡ്.

(ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)

പകർപ്പ്,

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള,

തിരുവനന്തപുരം.

2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),

കാസർഗോഡ്.

3. സൂപ്രണ്ട്,

ജില്ലാ ആശുപത്രി കാഞ്ഞങ്ങാട്, കാസർഗോഡ്.

(ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)

4. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്

5. സീനിയർ സൂപ്രണ്ട്,

ഇബി സെക്ഷൻ

6. ഫയൽ